'ഭരണഭാഷ - മാതൃഭാഷ'
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

**വളരെ അത്യാവശ്യം**

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ: ഡി.റ്റി/479/2020–സി3
തീയതി: 26/02/2021

ട്രെയിനിംഗ് ഡയറക്ടർ
പ്രിൻസിപ്പാൾ
എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/സ്വകാര്യ ഐ.ടി.ഐകൾ

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഫിലിയേഷൻ വിഭാഗം - ഗ്രേഡിംഗ് ഓഫ് ഐ.ടി.ഐ 2021 വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 23.01.2021 തിയതിയിലെ (സാധാ)135/2021/തൊഴിൽ നമ്പരായ സർക്കാർ ഉത്തരവ്.

***********

സൂചന ഉത്തരവ് പ്രകാരം 2020-2021 വർഷത്തെ സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളും ഗ്രേഡ് ചെയ്യുന്നതിനുള്ള വിജ്ഞാപനം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/സ്വകാര്യ ഐ .ടി.ഐ ഈ ഗ്രേഡിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഗ്രേഡിംഗിനുള്ള മാനദണ്ഡങ്ങൾ, മാർക്കുകൾ, സമർപ്പിക്കേണ്ട രേഖകൾ എന്നിവ ഉൾപ്പെടുത്തിയ മാർഗ്ഗരേഖ, അപേക്ഷ ഫോറം , നിബന്ധനകൾ, സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്ന രീതി,സമ്മാന വിവരം,സമയക്രമ പട്ടിക എന്നിവ ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

DR. CHITHRA S, DT DTTVPM, O/O DIRECTOR DTTVPM
DIRECTOR OF TRAINING
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

1. വിജ്ഞാപനം.
2. സമയക്രമപട്ടിക(അനുബന്ധം I).
3. നിബന്ധനകൾ(അനുബന്ധം II).
4. അപേക്ഷ ഫോറം(അനുബന്ധം III).
5. അപേക്ഷ സമർപ്പിക്കേണ്ട സ്ഥാപനങ്ങളുടെ വിവരം(അനുബന്ധം IV).
6. ഗ്രേഡിംഗിനുള്ള മാനദണ്ഡങ്ങൾ, മാർക്കുകൾ, സമർപ്പിക്കേണ്ട രേഖകൾ എന്നിവ ഉൾപ്പെടുത്തിയ മാർഗ്ഗരേഖ

"ഭരണഭാഷ-മാതൃഭാഷ"
**വ്യാവസായിക പരിശീലന വകുപ്പ്**
(കേരള സംസ്ഥാനം)

നമ്പർ.ഡി.റ്റി/479/2020-സി3

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി: 26.02.2021.

**<u>വിജ്ഞാപനം</u>**

സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിൽ നിന്നും ഗ്രേഡിംഗിനായുള്ള അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

ഐ.ടി.ഐകളെ ഫസ്റ്റ് ഗ്രേഡ് ഗവ.ഐ.ടി.ഐ, സെക്കന്റ് ഗ്രേഡ് ഗവ.ഐ.ടി.ഐ, ഗവ.എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി, പ്രൈവറ്റ് ഐ.ടി.ഐ എന്നിങ്ങനെ നാലായി തരംതിരിച്ചാണ് ഗ്രേഡിംഗ് നടത്തുന്നത്. ഉയർന്ന ഗ്രേഡിംഗ് പോയിന്റ് നേടുന്ന സ്ഥാപനങ്ങൾക്ക് സമ്മാനതുകയോടൊപ്പം സർട്ടിഫിക്കറ്റും മൊമെന്റോയും നൽകുന്നതാണ്. ഐ.ടി.ഐ ഗ്രേഡിംഗിനുള്ള മാനദണ്ഡങ്ങൾ, മാർക്കുകൾ, സമർപ്പിക്കേണ്ട രേഖകൾ എന്നിവ ഉൾപ്പെടുത്തിയ മാർഗ്ഗരേഖ, അപേക്ഷ ഫാറം, നിബന്ധനകൾ, സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്ന രീതി, സമ്മാന വിവരം, സമയക്രമ പട്ടിക എന്നിവ ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർ**

2

<u>അനുബന്ധം – II</u>

## നിബന്ധനകൾ

1. അപേക്ഷ സമയത്ത് അഫിലിയേഷൻ ഉള്ള ഐ .ടി.ഐകൾക്ക് മാത്രമാണ് ഗ്രേഡിംഗിന് അപേക്ഷിക്കുവാൻ അർഹതയുണ്ടാവുകയുള്ളൂ.
2. മേൽ യോഗ്യതയുള്ള എല്ലാ ഐ.ടി.ഐകളും ഗ്രേഡിംഗിനായി അപേക്ഷ നൽകിയിരിക്കേണ്ടതാണ്.
3. ഐ.ടി.ഐകളുടെ തുടർച്ചയായ മൂന്ന് വർഷത്തെ പ്രവർത്തനങ്ങളാണ് ഗ്രേഡിംഗിനായി പരിഗണിക്കുന്നത്. നടപ്പ് വർഷത്തെ പരിശോധനയ്ക്കായി (01.01.2017 മുതൽ 31.12.2019 വരെയുള്ള) കാലാവധിയിലെ പ്രവർത്തനങ്ങളാണ് പരിഗണിക്കുന്നത്.
4. ഗ്രേഡിംഗ് നടത്തുന്നതിലേക്കായി ഐ.ടി.ഐകളെ ഫസ്റ്റ് ഗ്രേഡ് ഗവ.ഐ.ടി.ഐ, സെക്കൻഡ് ഗ്രേഡ് ഗവ. ഐ.ടി.ഐ, പ്രൈവറ്റ് ഐ.ടി.ഐ., ഗവ.എസ്.സി.ഡി.ഡി./ ഗവ.എസ്.റ്റി.ഡി.ഡി. എന്നിങ്ങനെ നാലായി തരംതിരിച്ചിട്ടുണ്ട്.
5. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം രണ്ടു പകർപ്പുകൾ എല്ലാ പേജുകളിലും പ്രിൻസിപ്പാൾ ഒപ്പ് ചാർത്തി നോഡൽ ഐ.ടി.ഐ/ ആർ.ഐ സെന്ററുകളിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
6. ലഭിയ്ക്കുന്ന അപേക്ഷകൾ നോഡൽ ഐ.ടി.ഐ/ആർ.ഐ സെന്റർ മേധാവി മാർ പരിശോധന നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആദ്യ ചുരുക്ക പട്ടിക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
7. ടി ചുരുക്ക പട്ടികയിൻമേൽ പരാതികൾ ഉണ്ടെങ്കിൽ അപേക്ഷകർക്ക് ആയത് ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്ക് നൽകാവുന്നതാണ്.
8. ഇത്തരത്തിൽ ലഭ്യമാകുന്ന പരാതികൾ ജില്ലാതലത്തിലുള്ള പരാതി പരിഹാര സെല്ല് പുന:പരിശോധന നടത്തി അന്തിമ ചുരുക്കപട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.
9. അന്തിമ ചുരുക്കപ്പട്ടികയിൽ ഏറ്റവും ഉയർന്ന മാർക്കുകൾ നേടിയ സ്ഥാപനങ്ങളിൽ സംസ്ഥാന പരിശോധനാ സംഘം നേരിട്ട് പരിശോധന നടത്തിയ ശേഷം അന്തിമ ഗ്രേഡിംഗ് പോയിന്റ് പ്രഖ്യാപിക്കുന്നതാണ്.
10. സ്ഥാപനങ്ങൾക്ക് ലഭിയ്ക്കാവുന്ന കൂടിയ ഗ്രേഡ് 05 ആയി നിജപ്പെടുത്തി യിരിക്കുന്നു. ഗ്രേഡ് കണക്കാക്കുന്ന രീതി (ലഭിച്ച സ്കോർ/ 250) X 5.
11. ഏറ്റവും ഉയർന്ന ഗ്രേഡിംഗ് പോയിന്റ് കരസ്ഥമാക്കിയ സ്ഥാപനങ്ങൾക്ക് സമ്മാനത്തുകയോടൊപ്പം മൊമെന്റോ, സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതായിരിക്കും.
12. ഗ്രേഡിംഗിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന ഫസ്റ്റ് ഗ്രേഡ് ഗവ. ഐ.ടി.ഐകൾ, സെക്കൻഡ് ഗ്രേഡ് ഗവ.ഐ.ടി.ഐകൾ, പ്രൈവറ്റ് ഐ.ടി.ഐകൾ, ഗവ.എസ്.സി.ഡി.ഡി./ഗവ.എസ്.റ്റി.ഡി.ഡി. ഐ.ടി.ഐകൾ എന്നിവർക്ക് യഥാക്രമം ഒരു ലക്ഷം, എഴുപത്തയ്യായിരം, അമ്പതിനായിരം രൂപാ വീതം സമ്മാനം നൽകുന്നതാണ്. വിവിധ സ്ഥാനങ്ങളിൽ ഒന്നിൽ കൂടുതൽ സ്ഥാപനങ്ങൾ വരികയാണെങ്കിൽ ടി സ്ഥാപനങ്ങൾക്കും മേൽ പ്രതിപാദിച്ചത് പ്രകാരം സമ്മാനങ്ങൾ നൽകുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർ

അനുബന്ധം – I

സമയക്രമം

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി | 12.03.2021 വരെ 5 പി.എം. ന് മുൻപായി |
| 2 | ഐ.ടി.ഐകളിൽ പരിശോധന നടത്തുന്ന സമയം | 15.03.2021 മുതൽ 25.03.2021 വരെ |
| 3 | ആദ്യ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കൽ | 30.03.2021 5 പി.എം ന് മുൻപായി |
| 4 | ചുരുക്കപ്പട്ടികയിൻമേലുള്ള പരാതി സമർപ്പിക്കുന്നതിനുള്ള സമയം | 08.04.2021 5 പി.എം വരെ |
| 4 | പരാതിയിൻ മേലുള്ള പരിശോധന | 09.04.2021 മുതൽ 22.04.2021 വരെ |
| 5 | അന്തിമ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നത് | 26.04.2021 5 പി.എം –ന് മുൻപ് |
| 6 | ഗ്രേഡ് പ്രസിദ്ധീകരിക്കുന്നത് | 28.04.2021 5 പി.എം ന് മുൻപ് |

Note: സമയ ക്രമത്തിൽ മാറ്റം വരുത്തുവാൻ വകുപ്പിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർ